പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *268 15/02/2013 ൽ മറുപടിയ്ക്ക്

ഓൺലൈനിലൂടെയുള്ള വസ്തുവിന്റെ ഓട്ടോമാറ്റിക് പോക്കുവരവ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. ജി. സുധാകരൻ<br>ശ്രീ. എസ്. ശർമ്മ<br>ശ്രീ. കെ. വി. വിജയദാസ്<br>ശ്രീ. ബാബു എം. പാലിശ്ശേരി | | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) | ഗവർണറുടെ മുൻ നയപ്രഖ്യാപന പ്രസംഗത്തിലൂടെ സർക്കാർ പ്രഖ്യാപിച്ച ഓൺലൈനിലൂടെയുള്ള വസ്തുവിന്റെ ഓട്ടോമാറ്റിക് പോക്കുവരവിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. പാലക്കാട് ജില്ലയിലെ ആലത്തൂർ, വടക്കഞ്ചേരി എന്നീ സബ് രജിസ്ട്രാർ ഓഫീസുകളുടെ അധികാരപരിധിയിൽ വരുന്ന 17 വില്ലേജുകളിൽ റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്ററം (റെലീസ്) എന്ന പദ്ധതി പ്രകാരം രജിസ്ട്രേഷൻ, റവന്യൂ ഡിപ്പാർട്ടുമെന്റുകളെ ഇന്റർനെറ്റ് സംവിധാനം വഴി ബന്ധിപ്പിച്ചുകൊണ്ട് 15.09.2011 മുതൽ ഓൺലൈൻ പോക്കുവരവ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും കുറ്റമറ്റ രീതിയിലും പൂർത്തിയാക്കുന്നതിന് ആധുനിക വിവര സാങ്കേതിക വിദ്യയിലൂടെ ഏകോപിപ്പിക്കാൻ സാധ്യമായിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | വ്യാജ ആധാരങ്ങളുടെ പോക്കുവരവ് തടയുന്നതിനുള്ള നടപടികൾ ചട്ടങ്ങളിൽ ഭേദഗതി വരുത്തി നടപ്പാക്കുകയുണ്ടായോ; | (സി) | ആധാരം രജിസ്റ്റർ ചെയ്യുന്നതിന് **ആർ.ഒ.ആർ** എന്നറിയപ്പെടുന്ന ഭൂരേഖ (വസ്തു വിൽക്കുന്ന ആളിന് വസ്തുവിന്മേലുള്ള ഉടമസ്ഥാവകാശം, വിസ്തൃതി,അതിരടയാളങ്ങൾ എന്നിവ) നിർബന്ധമാക്കിയാൽ മാത്രമേ വ്യാജ ആധാരങ്ങളുടെ പോക്കുവരവ് തടയുന്നതിനുള്ള നടപടികൾ പരിപൂർണ്ണമാകുകയുള്ളൂ. ഇത്തരം രേഖകൾ രജിസ്ട്രേഷൻ സമയത്ത് നിർബന്ധിതമാ |

ക്കിക്കൊണ്ട് കേന്ദ്ര നിയമമായ 1908 ലെ രജിസ്ട്രേഷൻ നിയമത്തിലും 1958 ലെ കേരള രജിസ്ട്രേഷൻ ചട്ടങ്ങളിലും ഭേദഗതി ചെയ്താൽ മാത്രമേ ഈ പദ്ധതിയ്ക്ക് നിയമ സാധുത കൈവരികയുള്ളൂ. ഇതിനായുള്ള നടപടികൾ നടന്നു വരുന്നു.

(ഡി) റീസർവ്വേ നടപടികൾ നിർത്തിവെച്ചത്, അപാകതകൾമൂലം പോക്കുവരവ് സാദ്ധ്യമാകാത്ത കേസുകളിൽ ബുദ്ധിമുട്ട് നേരിട്ടിട്ടുണ്ടോ;

(ഡി) റീ സർവ്വേ പൂർത്തീകരിച്ച വില്ലേജുകളിലാണ് ആദ്യഘട്ടത്തിൽ റെലീസ് പദ്ധതി പ്രകാരമുള്ള ഓൺ ലൈൻ പോക്കുവരവ് സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളത്.

(ഇ) ഈ ഘട്ടത്തിൽ ആധാരം എഴുത്തുകാർ നേരിടുന്ന തൊഴിൽ പ്രശ്നം ഏതുനില യിലാണ് പരിഹരിക്കുന്നത്; വിശദമാ ക്കുമോ ?

(ഇ) ആധാരമെഴുത്തുകാർ എഴുതി തയ്യാറാക്കുന്ന പ്രമാണങ്ങൾ വസ്തുവിന്റെ ശരിയായ രേഖകൾ സഹിതം സബ് രജിസ്ട്രാർ ഓഫീസിൽ ഹാജരാക്കുകയും ആധാരം രജിസ്റ്റർ ചെയ്ത തിനു ശേഷം പോക്കുവരവിന് ആവശ്യമായ വിവരങ്ങൾ ഉടൻ തന്നെ ബന്ധപ്പെട്ട വില്ലേജ് ഓഫീസർക്കോ തഹസീൽദാർക്കോ കമ്പ്യൂട്ടർ ശൃംഖല വഴി ഓൺലൈനായി കൈമാറു കയും അതിന്റെ അടിസ്ഥാനത്തിൽ ബന്ധ പ്പെട്ട റിക്കോർഡുകളിൽ മാറ്റം വരുത്തി പോക്കുവരവ് വേഗത്തിലും സുതാര്യതയോ ടെയും സാധ്യമാക്കുക എന്നതു മാത്രമാണ് ഓൺലൈൻ പോക്കുവരവ് കൊണ്ട് ഉദ്ദേശി ക്കുന്നത്. ഈ ഘട്ടത്തിൽ ആധാരമെഴുത്തു കാർ തൊഴിൽ പ്രശ്നം നേരിടുന്നതായി ശ്രദ്ധ യിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ